ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രൂപീകരിച്ച സ്ഥാപനങ്ങളിലെ നിയമനങ്ങൾ

12 [*123] ശ്രീ. സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്ററി സപ്പോർട്ടോടുകൂടി പ്രവർത്തിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രൂപീകരിച്ചതുമായ സ്ഥാപനങ്ങളിലെ താൽക്കാലികവും സ്ഥിരവുമായ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിലെ നിയമനങ്ങൾ പി. എസ്. സി.-ക്ക് വിടുന്നതിന് ആവശ്യമായ നിയമഭേദഗതികൾക്ക് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ & ബി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഇപ്പോൾ സർക്കാരിന് നിയന്ത്രണമില്ല. എന്നാൽ ബഡ്ജറ്ററി സപ്പോർട്ടോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

ഭരണ പരിഷ്ക്കാര നടപടികൾ

13 [*124] ശ്രീ. ഷിബു ബേബി ജോൺ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പാക്കിയ ഭരണ പരിഷ്ക്കാര നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഫലമായി പ്രായോഗിക തലത്തിൽ ഭരണ രംഗത്ത് പ്രകടമായ ഗുണഫലങ്ങൾ എന്തൊക്കെയാണ്;

(സി) ഇനിയും നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) മൂന്നാം ഭരണ പരിഷ്ക്കാര കമ്മിറ്റി സംസ്ഥാനത്തെ ഭരണ പരിഷ്കാര നടപടികൾക്കായുള്ള ശുപാർശകൾ അടങ്ങിയ പതിനഞ്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. മുൻ സർക്കാർ ഇതിൽ 1,2,3,4,6 എന്നീ അഞ്ച് റിപ്പോർട്ടുകളിലെ ശുപാർശകൾ പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവുകൾ പുറപ്പെടുവിച്ചു. പൗരാവകാശരേഖാ പ്രസിദ്ധീകരണം, അറിയുവാനുള്ള അവകാശം, പൊതുജന പരാതി പരിഹാര സെൽ രൂപീകരണം, അധികാര വികേന്ദ്രീകരണം, ഹാജർ നില മെച്ചപ്പെടുത്തൽ, ഫയൽ നീക്കം എന്നിവ സംബന്ധിച്ച് ശുപാർശകൾ പൊതുജനങ്ങളുമായി വളരെയധികം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, 8-ാം റിപ്പോർട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസനം, കിർത്താർഡ്സ്, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ പരിഷ്കരണം, 10-ാം റിപ്പോർട്ടിലെ മരാമത്തു പ്രവർത്തന നിർവ്വഹണം, 11-ാം റിപ്പോർട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കാരം, 12-ാം റിപ്പോർട്ടിലുള്ള ആരോഗ്യ സേവന മേഖലയിലെ പരിഷ്കാരം, 13-ാം റിപ്പോർട്ടിലുള്ള കേരളത്തിലെ അധികാര വികേന്ദ്രീകരണ ഉദ്യമങ്ങളും സ്ഥാപനവത്കരണ പ്രശ്നങ്ങളും എന്നിവ സംബന്ധിച്ച ശുപാർശകൾ പരിശോധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ച് അവ ബന്ധപ്പെട്ട വകുപ്പുകളിൽ നടപ്പിലാക്കുന്നു. കൂടാതെ ഭരണ നവീകരണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ഭരണ സുതാര്യത, സുസ്ഥിര സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ ലക്ഷ്യങ്ങളുള്ള ഒരു ദീർഘകാല പദ്ധതിയാണ് ഭരണ നവീകരണ പരിപാടി. ഏഷ്യൻ വികസന ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ആശുപത്രികളെയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിച്ചുള്ള ജനന-മരണ രജിസ്ട്രേഷൻ കിയോസ്ക്കുകൾ, അക്ഷയ കേന്ദ്രങ്ങൾ, സെക്രട്ടേറിയറ്റും, കളക്ടറേറ്റുകളും തമ്മിൽ ബന്ധപ്പെടുത്തിയുള്ള കമ്പ്യൂട്ടർ ശൃഖല, പോലീസിൽ പരാതി നൽകുന്നതിനും അത് സംബന്ധിച്ച അന്വേഷണം ദ്രുതഗതിയിലാക്കുന്നതിനും സഹായകമായ പോലീസ് പോർട്ടൽ, ഇ-ഗവേണൻസ് സംവിധാനം തുടങ്ങിയവയെല്ലാം ഈ പരിപാടിയുടെ ഭാഗമായി പ്രവർത്തന സജ്ജമായി വരുന്നു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സുസ്ഥിര നടപടികൾ ആവശ്യമായ നൂറ് പൊതു ഉദ്യമ പരിപാടികൾ അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 56 ഉദ്യമങ്ങൾ പുരോഗമിച്ചുരുന്നു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന പദ്ധതി എന്ന അതിവേഗ ഉദ്യമവും സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

തെരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ടതും കാര്യക്ഷമവും കാലതാമസമില്ലാത്തതുമായ സേവനം ലഭ്യമാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. റവന്യൂ, രജിസ്ട്രേഷൻ, ഭക്ഷ്യ-സിവിൽ സപ്ലൈസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, പോലീസ്, ആരോഗ്യം എന്നിങ്ങനെ എട്ടു വകുപ്പുകളിലെ 2587 സ്ഥാപനങ്ങളെയാണ് സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരും ജനപ്രതിനിധികളും സംയുക്തമായി ചർച്ച ചെയ്ത് തയ്യാറാക്കിയ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ അത്യാവശ്യം വേണ്ട കെട്ടിട സൗകര്യവും സാധന സാമഗ്രികളും ജീവനക്കാർക്ക് പരിശീലനവും നൽകി ഇവയിലൂടെയുള്ള ജനസേവനം കുറ്റമറ്റതാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു പുറമെ വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ കഴിവും, സേവന തല്പരതയും മെച്ചപ്പെടുത്തുന്നതിനും, വികസനോൻമുഖമായ സേവനം പ്രദാനം ചെയ്യുന്നതിനുതകുന്ന രീതിയിലുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനും—സംസ്ഥാന പരിശീലനനയം—ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഭരണ രംഗത്ത് വേഗതയും സുതാര്യതയും മെച്ചപ്പെട്ട സേവനവും കൈവരിക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ ഉപകരിക്കുന്നു. സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ നടപടി ക്രമങ്ങളുടെ ലഘൂകരണം, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ കാലാനുസൃതമായ പരിഷ്കരണം എന്നിവ പ്രായോഗിക തലത്തിൽ ഭരണ രംഗത്തുവന്ന പ്രകടമായ ഗുണഫലങ്ങളാണ്. നടപടി ക്രമങ്ങളുടെ ലഘൂകരണം ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനും നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ പരിഷ്കരണം വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനും സാധ്യമാക്കിയിട്ടുണ്ട്. ഗുണഭോക്ത വിഭാഗത്തെ ഉൾപ്പെടുത്തിയുള്ള ചർച്ചയിലൂടെ വികസനവും പരിരക്ഷയും ജനങ്ങൾക്ക് ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഭരണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച അവശേഷിച്ച അഞ്ച് റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ശുപാർശകൾ പരിശോധിച്ച് സ്വീകാര്യമായവ നടപ്പിലാക്കുക;

ഭരണ നവീകരണ പരിപാടിയുടെ ഉദ്യമങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുക.

സേവന പ്രദാന പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.

നിയമങ്ങൾ-ചട്ടങ്ങൾ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ച് ലഘൂകരിക്കുക.

ഭരണ രംഗത്തെ കഴിയുന്നത്ര മേഖലകൾ ഐ.ടി. സഹായത്തോടെ നവീകരിക്കുക. എന്നിവയാണ് ഇനിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

14 [*125] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത്കോയ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളും നിയന്ത്രണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്ത് ടിപ്പർ ലോറികളുടെ അമിത വേഗതമൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടിപ്പർ ലോറികളുടെ ഗതാഗതത്തിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly